
CONTENTS

# ഉള്ളടക്കം


| | |
|---|---|
| 1. ആമുഖം | 2 |
| 2. ഉള്ളടക്കം | 3 |
| 3. ആശംസകളോടെ | 4 |
| 4. കാരക്കാടിന്റെ ചരിത്രം | 5 |
| 5. വാഗ്ഭടാനന്ദൻ | 9 |
| 6.പുണ്യവതിയായ അമ്മ | 11 |
| 7. നഷ്ടം | 12 |
| 8.ജീവിതമെന്ന പാഠപുസ്തകം | 13 |
| 9. വിശ്വാസം | 14 |
| 10.ദിനാചരണങ്ങ ൾ | 14 |
| 11.വായനാ വാരാചരണം | 15 |
| 12. ബഷീർ ദിനം | 16 |
| 13.ലഹരി വിരുദ്ധ ദിനം | 16 |
| 14. വായന പക്ഷാചരണം | 17 |
| 15.സാഹിത്യ സിനിമാവേദി ഉദ്ഘാടനം | 18 |
| 16. മാപ്പിളിന്റെ വിവിധ പദ്ധതികൾ | 19 |
| 17.കേളികൊട്ടുയരുന്ന കേരളം | 21 |
| 18.വിശപ്പ് | 23 |
| 19. മഴവില്ല് | 24 |
| 20. കടംകഥകൾ | 24 |
| 21. കുട്ടികൾ വരച്ച ചിത്രങ്ങൾ | 26 |
| 22. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | 27 |
| 23. നേട്ടങ്ങൾ | 27 |
| 24. കലാമേള | 30 |
| 25. ശതാബ്ദി വിശേഷങ്ങൾ | 31 |
| 26 സാഹിത്യ ക്യാമ്പ് | 31 |
| 27. പടയണി | 32 |
| 28. അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഉദ്ഘാടനം | 32 |
| 29. പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമം | 33 |
| 30. ശതാബ്ദി ആഘോഷം ഉദ്ഘാടനം | 33 |
| 31. ശാസ്ത്ര സാങ്കേതിക ആരോഗ്യ വിദ്യാഭ്യാസ പ്രദർശനം | 34 |

# പുണ്യവതിയായ അമ്മ

ഒരിടത്ത് ഒരു അച്ഛനും അമ്മയും രണ്ട് ആൺമക്കളും ജീവിച്ചിരുന്നു. രണ്ട് മക്കൾക്കും അമ്മയെ വലിയ ഇഷ്ടമായിരുന്നു. അമ്മ എന്ത് പറഞ്ഞാലും അവർ കേൾക്കുമായിരുന്നു. പെട്ടന്ന് ഒരുനാൾ അവരുടെ അച്ഛൻ മരണപ്പെട്ടു. അതോടുകൂടി അമ്മ വിധവയായി. പിന്നീട് അമ്മയാണ് അവരെ വളർത്തി വലുതാക്കിയത്. അവർ നന്നായി പഠിച്ച് വലിയനിലയിലെത്തി. അവർ അമ്മയുടെ അഭിമാനമായി വളർന്നു. കുറേ നാളുകൾക്ക് ശേഷം അവരുടെ വിവാഹം കഴിഞ്ഞു. പിന്നീട് അവർ കുടുംബവുമായി വിദേശത്ത് താമസമാക്കി.



അമ്മയുടെ ജീവിതം തനിച്ചായി. ഒരു ദിവസം അവർ നാട്ടിൽവന്ന് അമ്മയെ ഒരുവ വൃദ്ദസദനത്തിലേക്ക് മാറ്റി. വർഷങ്ങൾക്കുശേഷം മക്കളുടെ സ്വത്തും സമ്പാദ്യവും കൊള്ളയടിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ അവരെ സഹായിച്ചത് അവരുടെ പുണ്യവതിയായ അമ്മയായിരുന്നു. അപ്പോഴാണ് അമ്മയുടെ സ്നേഹത്തിൻെറ വില അവർക്കു മനസ്സിലായത്. ഓരോ അമ്മമാരുടെയും ജീവിതം തീക്കനലായി തീരുകയാണ് എന്ന കാര്യമാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കാരണം, മക്കൾ അമ്മമാരെ വൃദ്ദസദനത്തിലാക്കുകയാണ്

രേവതി രജിത്.പി
6-സി

# ജീവിതമെന്ന പാഠപുസ്തകം

ശൈശവത്തിൽ നിന്ന് വാർധക്യത്തി -
ലെത്തിയിരിക്കയാൽ ഞാൻ
ഒരുപാട് പാഠം പഠിച്ചു
ജീവിതം എന്തെന്ന് പൂർണ്ണമായി
അറിഞ്ഞപ്പോഴേക്കും
ആയുസ്സ് പൂർണമാകാറായിരുന്നു
ഞാൻ ചെയ്ത തെറ്റിൽ
ഞാൻ സങ്കടപ്പെടുകയും
ഞാൻ ചെയ്ത പുണ്യ-
പ്രവൃത്തിയിൽ സന്തോഷിക്കുകയും
ചെയ്കയാൽ, ജീവിതമൊരു പാഠ-
പുസ്തകമാണെന്നും
അതിൻെറ പ്രധാന രണ്ട്
വാക്കുകൾ ദുഖവും സന്തോഷവുമാണെന്നും
പരിശ്രമിച്ചാൽ എല്ലാം നേടാമെന്നും
ഇല്ലെങ്കിൽ ഒന്നുമില്ലാതാകുമെന്നും
ജീവിതം എന്ന പാഠപുസ്തകം
എന്നെ പഠിപ്പിച്ചു.

ചന്ദന ചന്ദ്രൻ

9 എ

# വിശ്വാസം

തകർന്ന വിശ്വാസങ്ങളെ

പെറുക്കികൂട്ടി വയ്ക്കാറുണ്ട്

ഒരു പുനപരിശോധനയ്ക്കായി

പക്ഷേ..

ഒരിക്കലും ചെയ്തിട്ടില്ല

കാരണം.,

'മരവിച്ചല്ലേ ഉള്ളൂ

മരച്ചില്ലല്ലോ!'

**arya p**
cutec vatakara

# ദിനാചരണങ്ങൾ

## പ്രവേശനോത്സവം





ഈ വർഷത്തെ പ്രവേശനോത്സവം മടപ്പള്ളി ബോയിസിനെ സംബന്ധിച്ച് വലിയ ഉത്സവമായിരുന്നു. 750 പുതിയ കുട്ടികളാണ്ഈ വർഷം പുതുതായി പ്രവേശനം നേടിയത് . പ്രശസ്ത സാഹിത്യകാരൻ ശ്രീ. കെ.പി രാമനുണ്ണി പരിപാടി ഉദ്ഘാടനം ചെയ്തു. പി.ടിഎ പ്രസിഡന്റ് ശ്രീ പി.പി ദിവാകരന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ DYSP ഡിനിൽ ജെ.കെ മുഖ്യ അതിഥിയായി.ജില്ലാ പഞ്ചായത്തംഗം ശ്രീ.ടി.കെ രാജൻ മാസ്റ്റർ നവാഗതരെ

# <u>ബഷീർ ദിനം</u>

### ബഷീറും കഥാപാത്രങ്ങളും പാത്തുമ്മയുടെ ആടും........ ..... ..................

**ബഷീർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് മടപ്പള്ളി ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ബഷീറും കഥാപാത്രങ്ങളും സമീപത്തെ കടകളിലും വീടുകളിലും സ്കൂളിലും സന്ദർശനം നടത്തിയത് വേറിട്ട അനുഭവമായി. കൂടെ പാത്തുമ്മയുടെ ആടും ഉണ്ടായിരുന്നു. ബഷീറും കഥാപാത്രങ്ങളും ആളുകളോടും അടുത്തുള്ള വിദ്യാലയങ്ങളിലെ കുട്ടികളോടും കുശലം പറയുകയും സ്വയം പരിചയപ്പെടുത്തുകയും ചെയ്തു. നാദാപുരം റോഡ് ടൗണിലൂടെയുള്ള ഇവരുടെ സഞ്ചാരം ആളുകൾക്ക് ഏറെ കൗതുകമായി. ആത്മവിദ്യാ വിലാസം എൽ പി, ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളുകളും ഇവർ സന്ദർശിക്കുകയുണ്ടായി.**

**ULC C S ന്റെ പകൽ വീടായ മടിത്തട്ടും, പ്രശസ്ത ഗായകൻ വി.ടി.മുരളിയുടെ വീടും കുട്ടികൾ സന്ദർശിക്കുകയുണ്ടായി. സുഹറ, മജീദ് കുഞ്ഞു പാത്തുമ്മ, മണ്ടൻ മുത്തപ, ആനവാരി രാമൻ നായർ, പൊൻകുരിശു തോമ, ആശിശ, സാറാമ്മ, നാരായണി,സൈനബ, കുഞ്ഞു താച്ചുമ്മ, ഒറ്റക്കണ്ണൻപോക്കറ്, വിശ്വവിഖ്യാതനായ മൂക്കൻ മുതലായ കഥാപാത്രങ്ങൾ ബഷീറിനെ അനുഗമിച്ചു. പാത്തുമ്മ കൂടെ അവരുടെ പ്രസിദ്ധയായ ആടിനേയും കൂടെ കൂട്ടിയത് എല്ലാവർക്കും വിസ്മയമായിരുന്നു. സന്ദർശിച്ച എല്ലായിടത്തും ബഷീർ അദ്ദേഹം രചിച്ച ഒരു പുസ്തകം സമ്മാനിച്ചു. വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ഹയർ സെക്കണ്ടറിയും ഇവർ സന്ദർശിച്ചു.യു.പി, ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ ക്ലാസുകളും ബഷീർ സന്ദർശിക്കുകയും കുട്ടികളിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറിക്ക് കൈമാറുകയും ചെയ്തു.**




# മഴവില്ല്



മരചില്ലയിൽ പാറി
നടക്കും മഴവില്ലേ...
ഏഴുനിറമാൽ ചേർന്ന
നടക്കും മഴവില്ലേ...
മഴയ്ക്കു മുമ്പേ ഓടിയെത്തി
നിറം കാണിക്കും മഴവില്ലേ....
ഓടിചാടി കളിക്കാൻ
വരുമോ നീ എൻ കൂടെ
ആടിയും പാടിയും ഓടിയും
ചാടിയും മൊക്കെ  നമുക്ക് കളിക്കലോ
മാനത്തുള്ള മഴവില്ലേ വേഗം
വായോ കളിക്കാലോ.

-നിവേദിത.പി
6.B

## കടങ്കഥകൾ

1. കഴുത്തില്ലാത്ത കോഴി മലകേറി കൂകി.
   തോക്ക്
2. കഴുത്തുണ്ട് കാതില്ല കൈയുണ്ട് കാലില്ല.
   കുപ്പായം
3. കറുത്ത കാളയെ കുളിച്ച് കുളിപ്പിച്ചപ്പോൾ വെള്ളക്കാളയുണ്ട്
   ഉഴുന്ന്
4. കറുത്ത വയലിൽ വെളുത്ത വിത്ത്
   നക്ഷത്രം

5.പതയുണ്ട് പാലല്ല, പുളിയുണ്ട് മോരല്ല. മധുരമുണ്ട് തേനല്ല, കയ്പുണ്ട് കാഞ്ഞിരമല്ല

കള്ള്

6.നൂറാന വന്നാലും എടുത്തുമാറ്റാൻ പറ്റാത്ത വട്ടചെമ്പ്

കിണർ

7.തോളിൽ തൂങ്ങി തല്ലുകൊള്ളും കൊച്ചൻ

ചെണ്ട

8. മുകളിൽ കാട്, അടിയിൽ പാറ, ഉള്ളിൽ ചോറ്

തല

9. മണ്ണുവെട്ടി പാറകണ്ടു, പാറവെട്ടി വെള്ളി കണ്ടു, വെള്ളി വെട്ടി വെള്ളം കണ്ടു.

തേങ്ങ

10.പെട്ടിപോലുള്ള അമ്മയ്ക്ക് കുറ്റിപോലുള്ള മക്കൾ

തീപ്പെട്ടി

11.പൂവ് ഉണ്ട് കായില്ല, നാവുണ്ട് പല്ലില്ല, കാലുണ്ട് കൈയില്ല ,വാലുണ്ട് വാനരനല്ല

പൂവൻ കോഴി

12. കോട്ടപ്പടിയിൽ മുപ്പത്തിരണ്ട് കാവൽക്കാർ

പല്ല്

13. കയ്പ്പുണ്ട് കാഞ്ഞിരമല്ല , മുള്ളുണ്ട് മുരിക്കല്ല

കയ്പ്പ

14.കൈയില്ല കാലില്ല വയറുണ്ട് വാലുണ്ട് നീരാടി പോകുമ്പോൾ നൂറാളെ പിടിക്കും ഞാൻ

വല

15. കൈയുണ്ട് മെയ്യുണ്ട് തല ഇല്ല കാലില്ല

ഷർട്ട്

16. ചില്ല കൊമ്പിൽ ഗരുഡ തൂക്കം

വവ്വാൽ

17.ചടച്ചട കൊമ്പത്തുണ്ടൊരു ചോര

ചെമ്പരത്തി

-ദിനരാഗ് ( 7.A)

# പ്രദർശനത്തിൽ ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി ഒരുക്കിയ സ്റ്റാൾ












നാല് ദിവസം നടന്ന പ്രദർശനത്തിൽ നാൽ പതിനായിരത്തോളം ആളുകളാണ് പ്രദർ ശനം കാണാൻ എത്തിയത്. പ്രദർ ശനത്തിൽ സെൻട്രൽ യൂണിവേഴ്സിറ്റിയുടെ അഞ്ഞൂറ് വർഷം പഴക്കമുള്ള ഫോസിലുകൾ, ഹോമിയോ മെഡിക്കൽ കോളേജ്, കെ.എം.സി.റ്റി എഞ്ചിനിയ-റിംഗ് കോളേജ്, അക്വാകൾച്ചര്,കേരളാ-പോലീസ് ,കെ.-എസ്.ഐ.ഡിഎന്നിവയുടെ പവലി-യനുകൾ കൂടുതൽശ്രദ്ധേയമായി.

പ്രദര്ശനത്തോടൊപ്പം ശാസ്ത്രത്തിൽ അഭിരുചിയുള്ള 130 കുട്ടികള്ക്കായി 4 ദിവസത്തെ സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ വിവിധ സർ വ്വകലാശാലാ അധ്യാപകർ ക്ലാസെടുത്തു. കോഴിക്കോട് കളക്ടർ ശ്രീറാം സാംബശിവ റാവു കുട്ടികളുമായി സംവദിച്ചു.

# നിഷ്കളങ്കയായ പാറു

- ഒരിക്കൽ ഒരു ഗ്രാമത്തിൽ അമ്മിണി എന്ന പശുവു- ണ്ടായിരുന്നു.അവൾക്ക് പാറു എന്ന മകളുണ്ടായിരുന്നു. പാറു വളരെ നിഷ്കളങ്കയായിരുന്നു. എന്നാലോ അവളുടെ സുഹൃത്ത് കാർത്തു അസൂയകാരിയായിരുന്നു.ഒരു ദിവസം അവർ പുഴവക്കത്ത് ഓടികളിക്കുകയായിരുന്നു.അപ്പോൾ കാർത്തു കാലുവഴുതി പുഴയിൽ വീണു.പാറു ഓടി ആളുകളെ വിളിച്ച് കൂട്ടി കാർത്തുവിനെ രക്ഷിച്ചു. അങ്ങനെ ആ ദിവസം സംഭവിച്ചതൊക്കെ പാറു തൻെറ അമ്മയായ അമ്മിണിയോട് വിവരിച്ചു.അതുകേട്ട് പാറു-വിനോട് അമ്മിണി പറഞ്ഞു" കാർത്തു ആളത്ര ശരിയല്ല,നീ അവളോട് കൂട്ട് കൂടണ്ട".അമ്മ പറഞ്ഞത് കേട്ട് തലയാട്ടി എങ്കിലും പിറ്റേ ദിവസം അവൾ വീണ്ടും കാർത്തുവുമൊത്ത് കളിക്കാൻ പോയി.അന്നും അവർപുഴവക്കത്ത് നിന്ന് ഓടിക്കളിച്ചു.ഇന്നലെ സംഭവിച്ചത്പോലെ തന്നെ സംഭവിച്ചു.പക്ഷെ കാർത്തുവിന് പകരം പാറുവാണ് പുഴയിൽവീണത്. അവൾ കാത്തുവിനോട് താണു കേണപേക്ഷിച്ചിട്ടും പാറുവിനെ രക്ഷിച്ചില്ല.അപ്പോൾ ആ വഴി വന്ന കറുത്ത പൂച്ച പാറുവിനെ കണ്ടു.അവൻ തൻെറ സുഹൃത്തായ പാറുവിനെ മറ്റു കൂട്ടുകാരെ വിളിച്ചുകൂട്ടി രക്ഷപ്പെടുത്തി.അപ്പോൾ അവൾക്ക് അമ്മ പറഞ്ഞതിൻെറ ഭവിഷത്ത് മനസ്സിലായി.താൻ അവളെഅന്ധമായി വിശ്വസിച്ചു എന്ന തെറ്റും അവൾക്ക് മനസ്സിലായി.അതിനു ശേഷം കാർത്തുവിനോട് മിണ്ടുകപോലും ചെയ്തില്ല.അവൾക്ക് നല്ല കൂട്ടുകാരെ കിട്ടി. അങ്ങനെ അവളും അമ്മയും സുഖനായി ജീവിച്ചു

അനന്യ പി.വി

(6B)

## നന്ദിയോടെ.............. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Kite Master : RENJITHLAL S
Kite Mistress : REHANA

Student Editors : MUHAMMED JASSIM M C, NIDIN BABURAJ
PARVATHI D, KHADEEJA MIRSHA
NANDANA E

